# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5287 27.07.2015 -ൽ മറുപടിക്ക്**

**സി.ആർ.എഫ് ഫണ്ടുപയോഗിച്ച് റോഡ് നിർമ്മാണം**

| ചോദ്യം<br>ശ്രീമതി.പി.അയിഷാ പോറ്റി | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
|---|---|
| (എ) കൊല്ലം ജില്ലയിൽപ്പെടുന്ന പാങ്ങോട് - ശിവഗിരി റോഡ് നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റിന് സി. ആർ. എഫിൽ (CRF) ഉൾപ്പെടുത്തി അനുവാദം ലഭിക്കുന്നതിന് ശിപാർശ നൽകിയത് എന്നാണ്; | (എ) സി. ആർ. എഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി 26.02.2014 ലാണ് സർക്കാർ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ ശുപാർശ സമർപ്പിച്ചത്. |
| (ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചത് എന്നാണ്; | (ബി) പ്രസ്തുത പദ്ധതിയ്ക്ക് 05.03.2014 ൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ഭരണാനുമതിയും 10.06.2014 ൽ സംസ്ഥാന സർക്കാരിന്റെ ധനകാര്യ അനുമതിയും 07.08.2014 ൽ സംസ്ഥാന സർക്കാരിന്റെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. |
| (സി) സി. ആർ. എഫ് (CRF) അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (സി) കേന്ദ്ര സർക്കാർ പെട്രോൾ, ഡീസൽ എന്നിവയുടെ സെസ്സിൽ നിന്നും രൂപീകരിക്കുന്ന സെൻട്രൽ റോഡ് ഫണ്ടിൽ (CRF) നിന്ന് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന വിഹിതത്തിന്റെ ഒരു നിശ്ചിത ഭാഗമാണ് സി.ആർ.എഫ് റോഡ് പദ്ധതികൾക്കായി കേരളത്തിന് അനുവദിക്കുന്നത്. 10 കി.മീറ്ററിൽ കുറയാത്ത സംസ്ഥാന പാതകൾ, മേജർ ജില്ലാ |

| | | | |
|---|---|---|---|
| | | | റോഡുകൾ, ദേശീയപാതയെ മറ്റ് പ്രധാനപ്പെട്ട റോഡുകളുമായി ബന്ധിപ്പിക്കുന്ന റോഡുകൾ, അന്തർ സംസ്ഥാന പാതകൾ, വാണിജ്യ, വ്യവസായ, വിനോദ പ്രാധാന്യമുള്ള റോഡുകൾ എന്നിവയും പാലങ്ങളുടെ നിർമ്മാണം, പുനർനിർമ്മാണം എന്നിവയും സി.ആർ.എഫ് പദ്ധതിയിൽ ഉൾപ്പെടുത്താറുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം കൊല്ലം ജില്ലയിൽപ്പെടുന്ന എത്ര റോഡുകൾക്ക് സി. ആർ. എഫിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിരുന്നു; അതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൊല്ലം ജില്ലയിൽ പാങ്ങോട് - പുത്തൂർ - മീരാൻകടവ് - എഴുകോൺ - നെടുമൺകാവ് - മീയാന്നൂർ - ചാത്തന്നൂർ - 34 കി.മീ. (24 കോടി) കരുനാഗപ്പള്ളി - അമൃതപുരി - അഴീക്കൽ (കായംകുളം ഹാർബർ) - 18 കി.മീ.(13 കോടി) എന്നീ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. |

Sd/-

സെക്ഷൻ ഓഫീസർ